

# ഡൺസ്റ്റനച്ചൻ: ഒരു അനുഭവ യാത്ര

ദൈവസ്നേഹം ഉടയാടയാക്കി, സന്യാസം ശിരസ്സിൽ വഹിച്ച്, ദൈവേഷ്ടം പാദരക്ഷയാക്കി പ്രേഷിത പ്രവിശ്യയുടെ സ്വന്തമായ പുണ്യശ്ലോകനായ ഡൺസ്റ്റനച്ചാ, അങ്ങയുടെ മുമ്പിൽ ഒരു നിമിഷം ധ്യാനനിർലീനനായി നിന്നുകൊണ്ട്, അങ്ങയുടെ ആത്മീയ പുത്രരായ ഞങ്ങൾക്കും, ഇനി വരുന്ന തലമുറകൾക്കും പ്രചോദനവും, ഉൾപ്രേരണയും നൽകുമെന്ന പ്രത്യാശയിൽ ഞാനിവിടെ എന്നെ വ്യക്തിപരമായി സ്പർശിച്ച അനുഭവങ്ങൾ ചുരുങ്ങിയ വാക്കുകളിൽ കുറിക്കട്ടെ. അനേകം സുകൃതങ്ങളുടെ വിളനിലവും, ധാരാളം ആത്മീയ അനുഭവങ്ങളുടെ ഭണ്ഡാരവും, അനേകം വ്യക്തികളിൽ സ്വാധീനം ചെലുത്തിയവനുമായ ഡൺസ്റ്റനച്ചൻ, അദ്ദേഹത്തിന്റെ കൂടെയായിരുന്നവർക്ക് ആത്മീയവും, മാനസീകവുമായ ഉണർവ്വും, ഉന്മേഷവും നൽകിയിരുന്നു. ഒരു അപ്പൂപ്പന്റെ വാത്സല്യവും, ഒരു അപ്പച്ചന്റെ സ്നേഹവും, ഒരു യുവാവിന്റെ ചുറുചുറുപ്പും, ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയും, അതിലുമുപരിയായി ഒരു സന്യാസിയുടെ തീക്ഷണതയും പ്രോജ്വലിച്ചു നിന്നിരുന്ന ഈ വന്ദ്യവൈദീകനെ കാണുമ്പോൾ എല്ലാവരും പറയുമായിരുന്നു ഡൺസ്റ്റനച്ചൻ ഒരു മാതൃക സന്യാസിയായിരുന്നുവെന്ന്. എന്നെ വ്യക്തിപരമായി സ്പർശിച്ച അനുഭവങ്ങൾ നിരവധിയാണ്. ഓരോ ദിവസവും, ഓരോ വിധത്തിൽ. അദ്ദേഹത്തിന്റെ ജീവിത സായാഹ്നത്തിൽ ഒരുമിച്ചു ജീവിക്കുവാൻ അവസരം ലഭിച്ചത് ഓ! ഭാഗ്യം. മഹാഭാഗ്യം തന്നെ.

## ഉള്ളഴക്

അഴകോ ആകാരഭംഗിയോ അദ്ദേഹത്തിനില്ല. ബാഹ്യമായ അഴക് അദ്ദേഹത്തിൽ നിന്നും വളരെ വിദൂരത്താണ്. തലയിൽ മുടി ഒട്ടും തന്നെയില്ല. പുരികങ്ങൾ ശൂന്യമാണ്. പക്ഷെ ബാഹ്യമായ അഴകിനെ കവച്ചു വയ്ക്കുന്ന ഉള്ളഴക്; നിഷ്കളങ്കമായ പെരുമാറ്റ രീതി; പുണ്യത്തിന്റെ മുഖം മൂടിയില്ലാതെ ആത്മാർത്ഥതയും സുതാര്യതയും നിറഞ്ഞ ജീവിത ശൈലി; പുഞ്ചിരിക്കുന്ന മുഖം; ശാന്തവും ശാലീനവുമായ സ്വഭാവം ജീവിതത്തിൽ പ്രതിഫലിച്ചു കാണുന്നത് എത്രയോ അത്ഭുതാവഹം.

## അൾത്താരയിലെ കെടാവിളക്ക്

ഡൺസ്റ്റനച്ചൻ അൾത്താരയിലെ കെടാവിളക്കായിരുന്നുവെന്ന ഉച്ചൈസ്തരം വിളിച്ചു പറയുവാൻ എനിക്കൊട്ടും മടിയില്ല. അൾത്താരക്കു മുമ്പിൽ തലകുനിച്ച് ധ്യാനനിർലീനനായി മുട്ടിൻമേൽ നിന്നു മണിക്കൂറുകളോളം പ്രാർത്ഥിക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ട്. പലപ്പോഴും സക്രാരിയുടെ അടുത്തേക്ക് കൊണ്ടുപോയി ഇവിടെ നിന്ന് എല്ലാ ശക്തിയും ലഭിക്കുമെന്ന് പറഞ്ഞ്

ഉപദേശിക്കുമായിരുന്നു. അദ്ദേഹത്തിന്റെ അരികിൽ spiritual directionനോ, കുമ്പസാരത്തിനോ പോയാൽ, ദൈവം തരുന്നത് സ്വീകരിക്കുകയെന്നും, ദൈവത്തിന് എല്ലാം അറിയാമെന്നുമൊക്കെ പറയുമായിരുന്നു. അതുകൊണ്ടായിരിക്കാം ശാരീരികമോ മാനസികമോ ആയ വേദനകൾ ഉണ്ടാകുമ്പോൾ അച്ചന് ആരോടും പരാതിയോ, പരിഭവമോ ഇല്ല. ആ സമയത്തൊക്കെ അദ്ദേഹം ഉരുവിട്ടിരുന്ന ഒരുജപമന്ത്രമുണ്ട്: 'ദൈവമെ, സഹായിക്കണമെ! ദൈവമെ, രക്ഷിക്കണമേ! ദൈവമെ, നിന്നെ ഞാൻ സ്നേഹിക്കുന്നു!' ഈ പ്രാർത്ഥനാമന്ത്രം അവസാനകാലത്തിൽ അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നവർക്കും, അദ്ദേഹത്തെ പരിചരിച്ചവർക്കും അറിയാവുന്നതാണ്. ദിവ്യകാരുണ്യത്തിൽ നിന്നും അദ്ദേഹത്തിനു ലഭിച്ച ആത്മീയ ശക്തിയല്ലേ അത്.

## തനതായ ആദ്ധ്യാത്മികത

തന്റെ കുട്ടിക്കാലത്ത് സ്വന്തം പെങ്ങൾ പറഞ്ഞു കൊടുത്ത വി. കൊച്ചുത്രേസ്യായുടെയും, കർമ്മലീത്ത സഭാതനയരായ വി. അമ്മത്രേസ്യായുടെയും, കുരിശിന്റെ വി. യോഹന്നാന്റെയും, വി. ചാവറ പിതാവിന്റേയും ആദ്ധ്യാത്മിക ശാസ്ത്രങ്ങൾ ആവശ്യനേരത്ത് പുറത്തെടുക്കുന്നത് കാണുമ്പോൾ അഭിമാനം തോന്നിയിട്ടുണ്ട്. അദ്ദേഹം വലിയ പ്രാസംഗികനോ, ഗായകനോ അല്ല. പാട്ട് പാടാൻ പറഞ്ഞാൽ ആ... ആ... ആ... എന്ന സ്വരം പാട്ടുരൂപത്തിൽ പാടുന്നത് കാണേണ്ടത് തന്നെ. കൈകൾ കൂപ്പിപിടിച്ച് ഈശോയെയും, മാതാവിനെയും, മനസ്സിൽ ധ്യാനിച്ച് ഭയഭക്തി ബഹുമാനങ്ങളോടെയാണ് അദ്ദേഹം പാടാറുള്ളത്. ചാവറാ പിതാവിനോടുള്ള ഭക്തിയും, സ്നേഹവും അതിമനോഹരം തന്നെയാണ്. നവസന്യാസ ഭവനത്തിലെ (സരവണാംപട്ടി) നടുവട്ടത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള വി.ചാവറ പിതാവിന്റെ രൂപത്തിനു മുമ്പിൽ രാത്രിയും പകലും നിന്ന് പ്രാർത്ഥിക്കുന്നത് കണ്ടിട്ടുണ്ട്. വിശുദ്ധന്റെ രൂപം ചൂണ്ടിക്കാണിച്ച് 'അദ്ദേഹം നല്ലൊരു പിതാവാണ്, നല്ലൊരു അച്ചനാണ്; വിഷമം വരുമ്പോൾ അപേക്ഷിച്ചാൽ അദ്ദേഹം നമ്മെ സഹായിക്കും' എന്നൊക്കെ ഞങ്ങളോട് പറയാറുണ്ട്. നവസന്യാസഭവനത്തിൽ ചാവറ പിതാവിന്റെ കൃതികളെകുറിച്ച് ക്ലാസ്സെടുക്കുമ്പോഴും ഈ അനുഭവങ്ങൾ തന്നെയാണ് അദ്ദേഹം പങ്കുവെച്ചിട്ടുള്ളത്. ജീവിത സായാഹ്നത്തിൽ പോലും, ഈശോയെയും, മാതാവിനെയും, ചാവറ പിതാവിനെയും കുറിച്ചുള്ള നല്ല ഓർമ്മകൾ ആവശ്യനേരത്ത് പുറത്തെടുക്കുന്നതു കാണുമ്പോൾ അച്ചനോടുള്ള സ്നേഹവും, ഭക്തിയും കൂടി വരുന്നതോടൊപ്പം അദ്ദേഹത്തിന്റെ വിശ്വാസവും, ആദ്ധാത്മികതയും അത്രക്ക് ആഴമുള്ളതായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്നു. അച്ചനുമായി നവസന്യാസഭവനത്തിൽ നടക്കുമ്പോൾ, അദ്ദേഹത്തിന്റെ പുഞ്ചിരിക്കുന്ന മുഖത്തേക്കു നോക്കി, നവസന്യാസികൾ, 'അച്ചാ, അച്ചൻ പ്രാർത്ഥിക്കുന്ന അച്ചനാണ്, പുണ്യവാനായ അച്ചനാണ്; സ്നേഹമുള്ള അച്ചനാണ്' എന്നു പറയുമ്പോൾ അദ്ദേഹം തരുന്ന മറുപടി അത്ഭുതപ്പെടുത്തുന്നതാണ്: (കരഞ്ഞുകൊണ്ട്) 'ഞാൻ ഒന്നുമല്ല' എന്നും 'എനിക്കു കുറവുകൾ' ഉണ്ടെന്നും 'നിങ്ങൾ എന്നെ കളിയാക്കുകയാണെന്നും' എന്നു മൊക്കെ. ഇങ്ങനെയൊക്കെ സുബോധത്തോടെ പറയുന്ന ഡൺസ്റ്റനച്ചനെ ഓർമ്മയില്ലാത്തവരുടെ ഗണത്തിൽപ്പെടുത്തുന്നത് തീർത്തും അനുചിതമായിരുന്നുവെന്ന് തോന്നിയിട്ടുണ്ട്. മറിച്ച് നമുക്കാണോ ഓർമ്മക്കുറവ് സംഭവിച്ചിരിക്കുന്നത്?

ഡൺസ്റ്റനച്ചൻ സേവനതല്പരനും കഠിനാദ്ധ്വാനിയായിരുന്നു. അദ്ദേഹം അനാവശ്യമായി സമയം കളയുന്നതു കിട്ടില്ല. ഒന്നുകിൽ പള്ളിയിലോ, ക്ലാസ് മുറിയിലോ, വായനയിലോ, അല്ലെങ്കിൽ പറമ്പിലോ ആയിരിക്കും. ഏകദ്ദേശം 83-ാം വയസ്സുവരെ പ്രഭാത ഭക്ഷണം കഴിഞ്ഞാലുടൻ കൈയ്യിൽ മൺവെട്ടിയുമായി പറമ്പിൽ അദ്ധ്വാനിക്കുന്ന ഡൺസ്റ്റനച്ചൻ പ്രകൃതിയെ സ്നേഹിക്കുന്ന ഉത്തമ സന്യാസിയായിരുന്നു... സറവണാംപട്ടിയിലെ കൃഷിക്കാരായ ഗ്രാമവാസികൾ അദ്ദേഹത്തോടുള്ള താല്പര്യം കൊണ്ട് 'കാപ്പി പൊടികളർ സാമി' എന്ന ഓമനപേരും കൊടുത്തിട്ടുണ്ട്. പണി കഴിഞ്ഞാൽ അദ്ദേഹം നേരെ വരുന്നത് ക്ലാസ്സെടുക്കാനോ, പള്ളിയിൽ വിസീത്ത നടത്താനോ ആയിരിക്കും. ദൈവോന്മുഖതയും, പരോന്മുഖതയും സമന്വയിപ്പിച്ച് കൊണ്ടു പോകാൻ അദ്ദേഹം എപ്പോഴും പരിശ്രമിച്ചിരുന്നു.

മാതൃപ്രവിശ്യയായ ദേവമാതാ പ്രവിശ്യയിലും, തുടർന്ന് പ്രേഷിത പ്രവിശ്യയിലും ആത്മീയ സുഗന്ധം പരത്തിയ അങ്ങയുടെ സന്യാസ സമർപ്പണ ജീവിതം ഞങ്ങൾക്കെന്നും പ്രചോദനമായി ഭവിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. സന്യാസ സമൂഹങ്ങളിൽ നിന്നും കാലഹരണപ്പെട്ടു പോയികൊണ്ടിരിക്കുന്ന മൂല്യങ്ങളെ നിലനിർത്തുവാൻ അങ്ങയുടെ ജീവിതം ഞങ്ങളെ പഠിപ്പിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**ഫാ. ഡേവിസ് തട്ടിൽ സി.എം.ഐ.**



## ഡൺസ്റ്റനച്ചൻ: പ്രകൃതി സംരക്ഷകൻ

ചെറിയ കാര്യങ്ങളിൽ വിശ്വസ്തത പാലിക്കുക എന്നുള്ളത് വളരെ വലിയ ഒരു കാര്യം തന്നെയാണ്.

ബൈബിൾ നമ്മെ പഠിപ്പിക്കുന്നതുപോലെ: 'ചെറിയ കാര്യങ്ങളിൽ വിശ്വസ്തൻ വലിയ കാര്യങ്ങളിലും വിശ്വസ്തൻ ആയിരിക്കും' എന്ന് ഞാൻ novitiate ൽ ആയിരിക്കുമ്പോൾ ഡൺസ്റ്റനച്ചൻ പറയുമായിരുന്നു.

പറമ്പിലെ ചെറിയ ചെറിയ പ്ലാസ്റ്റിക് സാധനങ്ങൾ, ഉജാല ബോട്ടിലുകൾ തുടങ്ങിയവ, അച്ചൻ പറമ്പിൽ നടന്ന് പറക്കുമായിരുന്നു. ഒരു പ്രാവശ്യം എന്നോടും ഇങ്ങനെ പറമ്പിൽ നിന്ന് കൊണ്ടുവരാൻ പറഞ്ഞു.

ഞാൻ വിചാരിച്ചു ഈ സാധനങ്ങൾ എന്തിന് ഉപകരിക്കും എന്ന്. വിറ്റാലും വലിയ കാശ് ഒന്നും കിട്ടുകയുമില്ല. പക്ഷേ പിന്നീടാണ് പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും, പറമ്പിൽ പ്ലാസ്റ്റിക് സാധനങ്ങൾ കിടന്നാൽ അത് നല്ലതല്ല എന്നും, അതു ഭൂമിയെ നശിപ്പിക്കുകയുള്ളൂ എന്നുള്ള വലിയ കാര്യം മനസ്സിലായത്. ജർമ്മനിയിൽ വന്നപ്പോൾ അതിൻെറ വില കൂടുതൽ മനസ്സിലാവുകയും ചെയ്തു. ഇതുപോലെ നിസ്സാര കാര്യങ്ങളിൽ ഉള്ള സൂക്ഷ്മത എൻെറ മനസ്സിൽ എപ്പോഴും ഡൺസ്റ്റനച്ചൻ വഴിയായി കിട്ടിയിട്ടുണ്ട്.

**ഫാ. ആന്റോ അക്കരപ്പട്ടിയേക്കൽ സി.എം.ഐ.**